"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - അഡാക്കിൽ ഫാം ലേബറർ തസ്തികയിൽ ജോലി നോക്കി വരവെ മരണപ്പെട്ട എം. കെ. ലോഹിതാക്ഷന്റെ ആശ്രിതയും ഭാര്യയുമായ ശ്രീമതി. പ്രസീത ലോഹിതാക്ഷന് അഡാക്കിലെ ഫാം ലേബറർ തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(കൈ) നം.19/2023/F&P തീയതി,തിരുവനന്തപുരം, 11-09-2023

---

പരാമർശം:

1. 24.05.1999 ലെ സ.ഉ.(പി) നം. 12/99/ഉ.ഭ.പ.വ.
2. 18.11.1999-ലെ സ.ഉ.(പി) നം. 24/99/ഉ.ഭ.പ.വ.
3. ശ്രീമതി. പ്രസീത ലോഹിതാക്ഷന്റെ ആശ്രിത നിയമനത്തിനായുള്ള 11.02.2021-ലെ അപേക്ഷ.
4. അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.02.2021-ലെ അഡാക്ക്/സി/360/2020 നം. കത്ത്.
5. തൃശ്ശൂർ ജില്ലാ കളക്ടറുടെ 10.11.2021-ലെ എ6-3244/2021 നം. കത്ത്.

**<u>ഉത്തരവ്</u>**

മത്സ്യബന്ധന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (അഡാക്ക്)-ൽ ഫാം ലേബറർ തസ്തികയിൽ ജോലി നോക്കവെ 23.06.2018-ൽ മരണപ്പെട്ട ലോഹിതാക്ഷന്റെ ആശ്രിതയും, ഭാര്യയുമായ ശ്രീമതി. പ്രസീത ലോഹിതാക്ഷൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) അഡാക്കിൽ ആശ്രിത നിയമനം നൽകുന്നതിനുള്ള നിയമങ്ങളോ വ്യവസ്ഥകളോ നിലവിലില്ലാത്തതിനാലും സ്ഥാപനത്തിൽ സ്റ്റാഫ് റൂൾസ് / സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ലാത്തതിനാലും 01/06/2022-ൽ കൂടിയ അഡാക്കിന്റെ 41-ാമത് ഗവേണിംഗ് ബോഡി അംഗീകരിക്കപ്പെട്ട സ്ഥിരം തസ്തികയുടെ 5%-ൽ അധികരിക്കാത്ത എണ്ണം ഒഴിവുകളിലേക്ക് അർഹത പരിഗണിച്ച് ആശ്രിത നിയമനം നടത്തുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുണ്ട് എന്ന് പരാമർശം (4) പ്രകാരം അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

3) മരണപ്പെട്ട ജീവനക്കാരന് അഡാക്കിൽ ഫാം ലേബറർ തസ്തികയിൽ 8 വർഷവും, 2 മാസവും, 15 ദിവസവും യോഗ്യ സേവന കാലയളവ് ഉണ്ട്. അപേക്ഷകയുടെ ജനന തീയതി 03.01.1976-ഉം, വിദ്യാഭ്യാസ യോഗ്യത SSLC വിജയവുമാണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 2,37,600/-രൂപ ആണ്. അപേക്ഷക പുനർ വിവാഹിതയല്ല. അപേക്ഷയ്ക്ക് ജോലി നൽകുന്നതിന് സമ്മതമാണ് എന്ന് മരണപ്പെട്ട ജീവനക്കാരന്റെ മറ്റ് ആശ്രിതർ സാക്ഷ്യപത്രവും, അപേക്ഷകൻ മറ്റ് ആശ്രിതരെ സംരക്ഷിച്ച് കൊള്ളാം എന്ന സത്യപ്രസ്താവനയും സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി. പ്രസീത ലോഹിതാക്ഷൻ സമർപ്പിച്ച അപേക്ഷയിന്മേൽ പരിശോധന നടത്തി പരാമർശം (1), (2) പ്രകാരമുള്ള ആശ്രിത നിയമനത്തിന് അപേക്ഷകയ്ക്ക് അർഹതയുണ്ട് എന്ന് പരാമർശം (5) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) മത്സ്യബന്ധന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന അഡാക്കിൽ ശ്രീമതി. പ്രസീത ലോഹിതാക്ഷൻ-ന് ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സർക്കാരിന്റെ ആശ്രിത നിയമന പദ്ധതിയിൽപ്പെടാത്ത അഡാക്കിൽ ഫാം ലേബറർ തസ്തികയിൽ സേവനമനുഷ്ഠിച്ച

വരവെ 23/06/2018-ൽ മരണപ്പെട്ട എം. കെ. ലോഹിതാക്ഷൻ-ന്റെ ആശ്രിതയും ഭാര്യയുമായ ശ്രീമതി. പ്രസീത ലോഹിതാക്ഷൻ -ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കികൊണ്ടും, ആശ്രിത നിയമനത്തിന്റെ എണ്ണം അഡാക്കിലെ അംഗീകരിക്കപ്പെട്ട സ്ഥിരം തസ്തികയുടെ 5% ൽ അധികരിക്കരുത് എന്നും, പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ യാതൊരുവിധ സാമ്പത്തിക സഹായവും നൽകില്ല എന്നും ഉള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അഡാക്കിൽ 'ഫാം ലേബറർ' തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അഡാക്ക് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5) ശ്രീമതി. പ്രസീത ലോഹിതാക്ഷന് പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് അഡാക്ക് മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് നൽകേണ്ടതും, ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി സർക്കാരിനെ അറിയിക്കേണ്ടതുമാണ്. അപേക്ഷക സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകളുടെ അസലുകൾ അഡാക്ക് മാനേജിംഗ് ഡയറക്ടർ നിയമനം നൽകുന്നതിന് മുമ്പ് പരിശോധിക്കേണ്ടതും, അപേക്ഷകയ്ക്ക് നിയമനം നൽകിയതിന്റെ വിശദാംശങ്ങൾ മരണപ്പെട്ട ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

6) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷ സമർപ്പിച്ചപ്പോഴോ ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തിയപ്പോഴോ അപേക്ഷക ഏതെങ്കിലും തെറ്റായ വിവരങ്ങൾ നൽകുകയോ, ഏതെങ്കിലും വിവരം മറച്ച് വച്ച് സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുകയോ ചെയ്തിട്ടുണ്ടെന്ന് ഭാവിയിൽ ബോധ്യപ്പെടുന്ന പക്ഷം ടിയാളുടെ നിയമനം റദ്ദ് ചെയ്യുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
K S SRINIVAS
**പ്രിൻസിപ്പൽ സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, അഡാക്ക്, തിരുവനന്തപുരം.
ശ്രീമതി. പ്രസീത ലോഹിതാക്ഷൻ, മൂത്തേടത്ത് ഹൗസ്, 12/402, കാർത്തികക്കാവിന് സമീപം, പൊയ്യ,പിൻ - 680733.
ജില്ലാ കളക്ടർ, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (22/06/2023-ലെ 2426871/WCD-2/142/2023-FIN പ്രകാരം).
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.1752 പ്രകാരം)
ഡെപ്യൂട്ടി ഡയറക്ടർ II, I&PRD (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

Signed by
Predeep Manohar
സെക്ഷൻ ഓഫീസർ
Date: 12-09-2023 11:05:45

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-09-2023

ഫയൽ നം. എ2/188/2019/മതുവ. ഇനം നം: 1752

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അഡാക്കിൽ ഫാം ലേബറർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള ശ്രീമതി. പ്രസീത ലോഹിതാക്ഷന്റെ അപേക്ഷ - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

## കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | **എ 2/188/2019/മതുവ** |
| 2 | വകുപ്പ് | മത്സ്യബന്ധന തുറമുഖ (എ) വകുപ്പ് |
| 3 | വിഷയം | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അഡാക്കിൽ ഫാം ലേബറർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള ശ്രീമതി.പ്രസീത ലോഹിതാക്ഷ -ന്റെ അപേക്ഷ സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24.07.2023 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റ്റി. എസ്. പ്രവീൺകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. കെ. എസ്. ശ്രീനിവാസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 21.08.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു. വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21.08.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. സജി ചെറിയാൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.08.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.08.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

അഡാക്കിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിയ്ക്കുന്നതിന് അഡാക്കിന്റെ തലശ്ശേരി, എരഞ്ഞോളി ഫാമിൽ ഫാം ലേബററായി സേവനം അനുഷ്ഠിച്ചു വരവെ മരണപ്പെട്ട എം. കെ. ലോഹിതാക്ഷന്റെ ഭാര്യ ശ്രീമതി. പ്രസീത ലോഹിതാക്ഷൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

**2.** അഡാക്കിൽ ഫാം ലേബറർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 23-06-2018 ൽ മരണപ്പെട്ട എം. കെ. ലോഹിതാക്ഷന്റെ ഭാര്യ ശ്രീമതി. പ്രസീത ലോഹിതാക്ഷൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി 11.02.2021-ന് സമർപ്പിച്ച അപേക്ഷ അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. അറിവില്ലായ്മ മൂലം പ്രസ്തുത അപേക്ഷ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിക്കാൻ സാധിക്കാതെ പോയത് മാപ്പാക്കി നിയമനത്തിന് പരിഗണിക്കണമെന്ന് ശ്രീമതി. പ്രസീത ലോഹിതാക്ഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീമതി. പ്രസീതയുടെ അപേക്ഷയിന്മേൽ പരിശോധന നടത്തി തൃശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

**3.** മരണപ്പെട്ട ജീവനക്കാരൻ അഡാക്കിൽ ഫാം ലേബറർ തസ്തികയിൽ 15 വർഷം, 6 മാസം, 7 ദിവസം ദിവസവേതനത്തിലും, 8 വർഷവും, 2 മാസവും, 15 ദിവസവും സ്ഥിരനിയമനത്തിലും സേവനമനുഷ്ഠിച്ചു. അപേക്ഷകയുടെ വിദ്യാഭ്യാസ യോഗ്യത SSLC വിജയം ആണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 2,37,600/- രൂപ ആണ്. അപേക്ഷക പുനർവിവാഹിതയല്ല. അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് സമ്മതമാണ് എന്ന് മരണപ്പെട്ട ജീവനക്കാരന്റെ മറ്റു ആശ്രിതർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. അപേക്ഷക മറ്റു ആശ്രിതരെ സംരക്ഷിച്ചുകൊള്ളാം എന്ന സത്യപ്രസ്താവനയും നൽകിയിട്ടുണ്ട്. ശ്രീമതി. പ്രസീത ലോഹിതാക്ഷൻ സമർപ്പിച്ച അപേക്ഷ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പരിഗണിക്കാവുന്നതാണെന്ന് തൃശൂർ ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

വ്യവസ്ഥകളോ നിലവിലില്ല. കൂടാതെ സ്ഥാപനത്തിൽ സ്റ്റാഫ് റൂൾസ്/ സ്പെഷ്യൽ റൂൾസ് നിലവിലില്ല. ആയതിനാൽ 01-06-2022 ൽ കൂടിയ അഡാക്കിന്റെ 41 -മത് ഗവേണിംഗ് ബോഡിയുടെ തീരുമാനം. 6 പ്രകാരം അംഗീകരിക്കപ്പെട്ട സ്ഥിരം തസ്തികയുടെ 5%ൽ അധികരിക്കാത്ത എണ്ണം ഒഴിവുകളിലേക്ക് അർഹത പരിഗണിച്ച ആശ്രിത നിയമനം നടത്തുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്തിരുന്നു.

**5.** ശ്രീമതി. പ്രസീത ലോഹിതാക്ഷൻ ADAK -ൽ ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"സർക്കാരിന്റെ ആശ്രിത നിയമന പദ്ധതിയിൽ ഉൾപ്പെടാത്ത "അഡാക്ക്"എന്ന ഏജൻസിയിലെ മരണപ്പെട്ട ജീവനക്കാരനായ (ഫാം ലേബറർ) ശ്രീ. എം. കെ. ലോഹിതാക്ഷന്റെ ഭാര്യ ശ്രീമതി. പ്രസീത ലോഹിതാക്ഷൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിയ്ക്കുന്നതിന് സമർപ്പിച്ച അപേക്ഷ ടിയാളുടെ കുടുംബത്തിലെ നിലവിലെ സാമ്പത്തിക പരിതസ്ഥിതി കണക്കിലെടുത്തു കൊണ്ടും, ഇവർക്ക് മറ്റു വരുമാന മാർഗ്ഗങ്ങൾ ഇല്ലെന്ന കാര്യം പരിഗണിച്ചു കൊണ്ടും, നിലവിൽ അഡാക്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ടിയാളുടെ ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിക്കുന്നതിന് മനഃപൂർവ്വമല്ലാതെ സംഭവിച്ച കാലതാമസം മാപ്പാക്കിക്കൊണ്ടു ഭരണ വകുപ്പ് പരിഗണിക്കുന്ന പക്ഷം 24/05/1999-ലെ സ.ഉ.(പി) നം. 12/99/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വ്യവസ്ഥകൾ പാലിച്ച് അഡാക്കിൽ 'ഫാം ലേബറർ' തസ്തികയിലേക്ക് ആശ്രിത നിയമനം നൽകുന്നതിൽ സർക്കാർ യാതൊരുവിധ സാമ്പത്തിക സഹായവും നൽകില്ലായെന്ന വ്യവസ്ഥയിൽ മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണ് എന്നറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

**6.** തുടർന്ന് സർക്കാരിന്റെ ആശ്രിത നിയമന പദ്ധതിയിൽ ഉൾപ്പെടാത്ത അഡാക്ക് എന്ന ഏജൻസിയിലെ മരണപ്പെട്ട ജീവനക്കാരനായ (ഫാം ലേബറർ) എം. കെ. ലോഹിതാക്ഷന്റെ വിധവയും നിലവിൽ അഡാക്കിൽ

ലോഹിതാക്ഷന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിയ്ക്കുന്നതിന് സമർപ്പിച്ച അപേക്ഷ ടിയാന്റെ കുടുംബത്തിലെ നിലവിലെ സാമ്പത്തിക പരിതസ്ഥിതി കണക്കിലെടുത്തുകൊണ്ടും, ഇവർക്ക് മറ്റു വരുമാന മാർഗ്ഗങ്ങൾ ഇല്ലെന്ന കാര്യം പരിഗണിച്ചു കൊണ്ടും, 24.05.1999-ലെ സ.ഉ.(പി) 12/99/ഉ.ഭ.പ.വ പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതിന് മനഃപൂർവ്വമല്ലാതെ സംഭവിച്ച കാലതാമസം മാപ്പാക്കികൊണ്ടു അനുഭാവപൂർവം പരിഗണിച്ചും ടിയാൾക്ക് അഡാക്കിൽ ഫാം ലേബറർ തസ്തികയിൽ ആശ്രിത നിയമനം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി വഴി ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തു. വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവ് നൽകുകയും ചെയ്തു.

## <u>തീരുമാനിക്കേണ്ട വിഷയം</u>

അഡാക്കിൽ ഫാം ലേബറർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ 23-06-2018 ൽ മരണപ്പെട്ട എം. കെ. ലോഹിതാക്ഷന്റെ ആശ്രിതയും ഭാര്യയുമായ ശ്രീമതി. പ്രസീത ലോഹിതാക്ഷന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിയ്ക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിൽ വന്ന കാലതാമസം മാപ്പാക്കിക്കൊണ്ട്, പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ യാതൊരു വിധ സാമ്പത്തിക സഹായവും നൽകില്ല എന്ന വ്യവസ്ഥയിൽ ഫാം ലേബറർ തസ്തികയിൽ നിയമനം നൽകാമോ ?

# GOVERNMENT OF KERALA
# (SRI. PINARAYI VIJAYAN MINISTRY)
# NOTE FOR THE COUNCIL OF MINISTERS

| | |
|---|---|
| 1. File No. | A2/188/2019/F&PD |
| 2. Department | Fisheries & Ports (A) Department |
| 3. Subject | Application of Smt. Praseetha Lohithakshan for appointment as Farm Labourer under Compassionate Employment Scheme in ADAK. |
| 4. Date of Chief Minister's order for placing before the Council | 24.07.2023 |
| 5. i) Does the case involve financial commitments<br>(ii) Has the Finance Department been consulted and their remarks incorporated in the Note for the Council? | Yes<br><br>Yes |
| 6. Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7. Name of Deputy Secretary who submitted the Draft Note | Sri. T. S. Praveen Kumar |
| 8. Name of Principal Secretary who approved the Draft Note | Sri. K. S. Srinivas |
| 9. Date of approval of the Draft Note for the Council by the Principal Secretary | 21.08.2023 |
| 10. Name of Chief Secretary who approved the Draft Note | Dr. Venu. V |
| 11. Date of approval of the Draft Note for the Council by the Chief Secretary | 21.08.2023 |
| 12. Name of Minister who approved the Draft Note | Sri. Saji Cherian |
| 13. Date of approval of the Draft Note for the Council by the Minister | 23.08.2023 |
| 14. Date of submission of fair copies | 24.08.2023 |
| 15. Date of decision by the Council of Ministers | |
| 16.Number and date of GO/letter communicating the decision. | |

**Note for the Council of Ministers**

This note deals with the appointment of Smt. Praseetha Lohithakshan, the wife and dependent of M. K. Lohithakshan, Farm Labourer who died while in service in the Agency for Development of Aquaculture Kerala (ADAK), an organisation under the Fisheries Department, under Compassionate Employment Scheme.

**2.** The Executive Director, ADAK has recommended and forwarded the application dated 11.02.2021 of Smt. Praseetha Lohithakshan, the wife of M. K. Lohithakshan, who died on 23.06.2018 while working as Farm Labourer in ADAK, for providing appointment as Farm Labourer in ADAK under Compassionate Employment Scheme. The applicant has requested to consider her application by condoning the delay in submission of the same. The application has been examined by the District Collector, Thrissur and submitted report on the same.

**3.** The total service period of M. K. Lohithakshan, the deceased employee, in ADAK is 15 years, 6 months and 7 days on daily wages basis and 8 years, 2 months and 15 days on permanent basis. The applicant's educational qualification is SSLC passed and her annual family income is Rs. 2,37,600/-. The applicant is not remarried. Willingness for providing employment to the applicant has been provided by other dependents of the deceased employee. The applicant has also submitted an affidavit stating that she will look after the other dependents. The District Collector, Thrissur has

recommended to consider the application of Smt.Praseetha Lohithakshan under Compassionate Employment Scheme.

**4.** No rules and regulations exist in ADAK for providing appointment under Compassionate Employment Scheme. The organisation has no Staff Rules/ Special Rules. Hence, the 41st Governing Body Meeting of ADAK held on 01.06.2022, as per decision No. 6 has recommended to make appointment to the posts, not exceeding 5% of the approved strength, for providing employment under Compassionate Employment Scheme based on eligibility.

**5.** The remarks of Finance Department on providing employment to Smt. Praseetha under Compassionate Employment Scheme in ADAK is as follows:-

"സർക്കാരിന്റെ ആശ്രിത നിയമന പദ്ധതിയിൽ ഉൾപ്പെടാത്ത "അഡാക്ക്" എന്ന ഏജൻസിയിലെ മരണപ്പെട്ട ജീവനക്കാരനായ (ഫാം ലേബറർ) ശ്രീ.എം.കെ.ലോഹിതാക്ഷന്റെ ഭാര്യ ശ്രീമതി പ്രസീത ലോഹിതാക്ഷൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ ടിയാളുടെ കുടുംബത്തിലെ നിലവിലെ സാമ്പത്തിക പരിതസ്ഥിതി കണക്കിലെടുത്തു കൊണ്ടും, ഇവർക്ക് മറ്റു വരുമാന മാർഗ്ഗങ്ങൾ ഇല്ലെന്ന കാര്യം പരിഗണിച്ചു കൊണ്ടും, നിലവിൽ അഡാക്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ടിയാളുടെ ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിക്കുന്നതിന് മനഃപൂർവ്വമല്ലാതെ സംഭവിച്ച കാലതാമസം മാപ്പാക്കിക്കൊണ്ടു ഭരണ വകുപ്പ് പരിഗണിക്കുന്ന പക്ഷം 24/05/1999-ലെ സ.ഉ.(പി) നം.12/99/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വ്യവസ്ഥകൾ പാലിച്ച് അഡാക്കിൽ 'ഫാം ലേബറർ' തസ്തികയിലേക്ക് ആശ്രിത നിയമനം നൽകുന്നതിൽ സർക്കാർ യാതൊരുവിധ സാമ്പത്തിക സഹായവും നൽകില്ലായെന്ന

വ്യവസ്ഥയിൽ മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണ് എന്നറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6. The File was then circulated to Hon'ble Chief Minister through the Hon'ble Minister for Fisheries for orders on placing the matter of providing compassionate employment to Smt. Praseetha Lohithakshan (daily wage employee in ADAK), the wife of the deceased employee M.K.Lohithakshan, before the Council of Ministers by considering the poor financial status of his family as they had no other source of income, by condoning the unintentional delay in submitting the application within the time limit specified in GO (P) No. 12/1999/ P&ARD dated 24.05.1999. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Point for decision**

Whether Smt.Praseetha Lohithakshan, wife and dependent of M.K.Lohithakshan who died on 23.06.2018 while working as Farm Labourer in ADAK, may be given appointment under Compassionate Employment Scheme as Farm Labourer in ADAK, by condoning the delay in submitting the application in time, on condition that the Government will not provide any financial assistance in this regard ?